# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2024 ഓക്ടോബർ 9**

---

401 – 500 റാങ്ക് വിഭാഗത്തിൽ

## ടൈംസ് ആഗോള റാങ്കിംഗ്; എം.ജി സർവകലാശാലയ്ക്ക് മുന്നേറ്റം

ലണ്ടൻ ആസ്ഥാനമായുള്ള ടൈംസ് ഹയർ എജ്യുക്കേഷൻറെ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് മികച്ച നേട്ടം.2025 വർഷത്തേക്കുള്ള റാങ്കിംഗിൽ സർവകലാശാല 401 മുതൽ 500 വരെയുള്ള റാങ്ക് വിഭാഗത്തിലേക്ക് മുന്നേറി. 2024ലെ റാങ്കിംഗിൽ 501– 600 റാങ്ക് വിഭാഗത്തിലായിരുന്നു.

എം.ജി സർവകലാശാലയ്ക്കു പുറമെ തമിഴ്നാട്ടിലെ അണ്ണാ സർവകലാശാല, സിമാറ്റ്സ് ഡീംഡ് സർവകലാശാല, ഹിമാചൽ പ്രദേശിലെ ശൂലിനി യൂണിവേഴ്സിറ്റി ഓഫ് ബയോടെക്നോളജി ആൻറ് മാനേജ്മെൻ്റ് എന്നിവ മാത്രമാണ് 401–500 റാങ്ക് വിഭാഗത്തിലുള്ളത്.

115 രാജ്യങ്ങളിൽനിന്നുള്ള 2092 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന റാങ്ക് പട്ടികയിൽ തുടർച്ചയായ ഒൻപതാം വർഷവും യു.കെയിലെ ഓക്സഫഡ് സർവകലാശാല ഒന്നാം സ്ഥാനം നിലനിർത്തി.

അധ്യാപനം, ഗവേഷണ അന്തീക്ഷം, ഗവേഷണ മികവ്, രാജ്യാന്തര വീക്ഷണം, വ്യവാസായ മേഖലയുമായുള്ള സഹകരണം തുടങ്ങി 18 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് ടൈംസ് റാങ്കിംഗ് തയ്യാറാക്കുന്നത്.

നാൽപ്പതു വർഷം പിന്നിട്ട മഹാത്മാ ഗാന്ധി സർവകലാശാല കാലത്തിന്റെയും സാങ്കേതിക വിദ്യകളുടെയും മാറ്റത്തിനൊത്ത് വിവിധ മേഖലകളിൽ നിലനിർത്തിവരുന്ന മികവിനുള്ള അംഗീകാരമാണ് റാങ്കിംഗിലെ മുന്നേറ്റമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. 2021 മുതൽ തുടർച്ചയായി ടൈംസ് ഹയർ എജ്യുക്കേഷൻ റാങ്കിംഗിൽ ഇടം നേടുന്ന സർവകലാശാല ഈ വർഷം ടൈംസ് യംഗ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ രാജ്യത്ത് ഒന്നാം സ്ഥാനവും ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ മൂന്നാം സ്ഥാനവും നേടിയിരുന്നു.

(പി.ആർ.ഒ/39/906/2024)

## പരീക്ഷകൾ മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഒക്ടോബർ 11ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു.

പുതിയ പരീക്ഷാ തീയതികൾ ചുവടെ

നാലാംസെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംസിജെ, എംഎസ്ഡബ്ല്യു, എംടിഎ, എംടിടിഎം, എംഎച്ച്എം, എംഎംഎച്ച് (സിഎസ്എസ്) (2018 അഡ്മിഷൻ

സപ്ലിമെന്ററി, 2015 മുതൽ 2027 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) –ഒക്ടോബർ 25.

അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2023 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) –ഒക്ടോബർ 18.

മോഡൽ രണ്ട് ബിഎ, ബിഎസ്സി, ബികോം (1998 മുതൽ 2008 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്, അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് 2018) – ഒക്ടോബർ 16.

മൂന്നാം സെമസ്റ്റർ എംഎ (എച്ച്ആർഎം 2023 അഡ്മിഷൻ റെഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെന്ററി), (എംഎച്ച്ആർഎം 2020 അഡ്മിഷൻ സപ്ലിമെന്ററി, 2019 ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) – ഒക്ടോബർ 28.
(പി.ആർ.ഒ/39/907/2024)

## എം.ജി സർവകലാശാലയിൽ സംരംഭകത്വ വികസന പരിപാടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ(ബിഐഐസി) സംഘടിപ്പിക്കുന്ന സംരംഭകത്വ വികസന പരിപാടി ഒക്ടോബർ 15 മുതൽ 17 വരെ നടക്കും.

സംരംഭകത്വത്തിൽ താത്പര്യമുള്ള ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്കും ഗവേഷഷർക്കും അധ്യാപകർക്കും പങ്കെടുക്കാം. ഒക്ടോബർ 13വരെ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ഫീസ് 2000 രൂപ. ഫോൺ: 7994092730, 8891621392
(പി.ആർ.ഒ/39/908/2024)

## അഡ്വാൻസ്ഡ് സർവേയിംഗ് ഷോർട്ട് ടേം കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ് നടത്തുന്ന അഡ്വാൻസ്ഡ് സർവേയിംഗ് ആന്റ് ഡ്രാഫ്റ്റിംഗ് ഷോർട്ട് ടേം കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള 45 ദിവസത്തെ പരിശീലനമാണിത്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 15. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ (https://ses.mgu.ac.in) ഫോൺ–8590282951, 8848343200, 9446767451.

(പി.ആർ.ഒ/39/909/2024)

## പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ എംഎ സിറിയക് (പിജിസിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ മെയ് 2024) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 23 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................

രണ്ടാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ഫസ്റ്റ് മെഴ്സി ചാൻസ് ജൂൺ 2024) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 23 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/910/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

എട്ടാം സെമസ്റ്റർ ഐഎംസിഎ (2020 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി,) എട്ടാം സെമസ്റ്റർ ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 17 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 21 വരെയും അപേക്ഷ സ്വീകരിക്കും.

..........................

ഒന്നു മുതൽ ആറു വരെ സെമസ്റ്ററുകൾ പഞ്ചവത്സര ബിബിഎ എൽഎൽബി (ഓണേഴ്സ് 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012, 2013 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് സ്കൂൾ ഓഫ് ഇൻന്ത്യൻ ലീഗൽ തോട്ട്) പരീക്ഷകൾക്ക് നവംബർ നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ ആറു വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/911/2024)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2020 വരെ അഡ്മിഷൻ സപ്ലിമെന്ററി) അഞ്ചാം സെമസ്റ്റർ ഡിഡിഎംസിഎ 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ആഗസ്റ്റ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓക്ടോബർ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.............................

ഒന്നാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (ഇന്റലക്ചൽ ഡിസബിലിറ്റി 2024 അഡ്മിഷൻ റെഗുലറും സപ്ലിമെന്ററിയും) രണ്ടാം സെമസ്റ്റർ (2023 അഡ്മിഷൻ റെഗുലറും സപ്ലിമെന്ററിയും ഓക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓക്ടോബർ 24 മുതൽ മൂവാറ്റുപുഴ, നിർമല സദൻ ട്രെയനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എജ്യുക്കേഷനിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/912/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**